**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2251** **20-01-2021 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിൽ അനുവദിച്ച സപ്ലൈകോ ശാഖകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | **Shri P. Thilothaman**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016 മുതൽ 2020 വരെ പുതിയതായി സപ്ലൈകോയുടെ എത്ര ശാഖകൾ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016 മുതൽ 2020 വരെ സപ്ലൈകോയുടെ ഒരു ശാഖ (വട്ടവിള സപ്ലൈകോ സൂപ്പർ മാർക്കറ്റ്) അനുവദിച്ചിട്ടുണ്ട്. |
| (ബി) | അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ പോങ്ങിൽ സപ്ലൈകോയുടെ പുതിയ വില്പന കേന്ദ്രം അനുവദിക്കുന്നതിനുവേണ്ടി ഉള്ള നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ബി) | അതിയന്നൂർ ഗ്രാമ പഞ്ചായത്തിലെ പോങ്ങിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ലഭ്യമായ നിവേദനം സംബന്ധിച്ച് സപ്ലൈകോ തിരുവനന്തപുരം മേഖലാ മാനേജർ/ നെയ്യാറ്റിൻകര ഡിപ്പോ മാനേജർ മുഖേന ആവശ്യമായ സാധ്യതാ പഠനം നടത്തുന്നുണ്ട്. നിലവിലെ സർക്കാർ മാനദണ്ഡമനുസരിച്ചുള്ള 700 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടം കണ്ടെത്തി 5 വർഷത്തേക്ക് വാടക രഹിതമായും, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായുള്ള 1 ലക്ഷം രൂപയും അനുവദിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൂടി ലഭിക്കുന്ന മുറയ്ക്ക് വിപണന സാധ്യതയുടെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ സപ്ലൈകോ വിൽപ്പനശാല ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ